LIBRARY ARCHIVES Kerala Legislative Assembly

വടകര താലൂക്കിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ

131 (1889) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ വികസന സാധ്യതകളുള്ള ഏതൊക്കെ പ്രദേശങ്ങളാണ് വടകര താലൂക്കിൽ ടൂറിസം വകുപ്പ് കണ്ടെത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗതമായി നിലനിൽക്കുന്നതും ടൂറിസം സാധ്യതകൾ ഉള്ളതുമായ പ്രദേശങ്ങളെ കണ്ടെത്തി അവയുടെ സാധ്യതകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലോകനാർക്കാവ് പരിസരം, സാന്റ് ബാങ്ക്സ്, പൈങ്കുറ്റിമല എന്നി പ്രദേശങ്ങൾ.

(ബി) പരമ്പരാഗതമായി നിലനിൽക്കുന്ന ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ജനപ്രതിനിധികൾ വഴിയും ലഭിക്കുന്നത് പരിശോധിച്ച് ഡെസ്റ്റിനേഷൻ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതനുസരിച്ച് പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായിട്ട് ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും അതിന്റെ പരിപാലനത്തിനുമായി സംസ്ഥാനത്തെ 37 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു കഴിഞ്ഞു. ഇതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും വിനോദസഞ്ചാര സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഗ്രാമപ്രദേശങ്ങളിലെ ഡെസ്റ്റിനേഷൻ വികസന പദ്ധതിയുടെ ഭാഗമായിട്ട് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന പദ്ധതിയും ആരംഭിച്ച് നടപ്പാക്കിവരുന്നു. കൂടാതെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ വികസനത്തിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ധർമ്മടം ബീച്ചിലെ ടൂറിസം വികസനം

132 (1890) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ധർമ്മടം ബീച്ചിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവിടെ ടൂറിസ്റ്റ് റിസോർട്ടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?